"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് - സീനിയർ സൂപ്രണ്ട് ശ്രീ.ടി.കെ.ശ്രീകമാർ - അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ പൂർണ അധിക ചുമതല -ചാർജ് അലവൻസ് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1814/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/09/2021

---

പരാമർശം:-
1. 16.03.2020 തീയതിയിലെ സ.ഉ(സാധാ)നം.624/2020/ത.സ്വ.ഭ.വ ഉത്തരവ്.
2. മുഖ്യ നഗരാസൂത്രകന്റെ 23.03.2021 തീയതിയിലെ TCPCTP/1388/2020-A3നമ്പർ കത്ത്

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിൽ മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ.ഡി.പ്രവീൺകുമാർ 28.02.2019 അപരാഹ്നത്തിൽ സൂപ്പർ ആന്വേഷനിൽ വിരമിച്ചതിനെ തുടർന്ന് ടി തസ്തികയുടെ പൂർണ്ണഅധിക ചുമതല സീനിയർ സൂപ്രണ്ട് ശ്രീ.ടി.കെ.ശ്രീകുമാറിന് നൽകുകയും 01.03.2019 മുതൽ 24.08.2019 വരെ തുടരുകയും ടി നടപടി സർക്കാർ പരാമർശം 1 പ്രകാരം സാധൂകരിയ്ക്കുകയും ചെയ്തിരുന്നു.

2.അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ പൂർണ്ണഅധിക ചുമതല വഹിച്ചിരുന്ന സീനിയർ സൂപ്രണ്ട് ശ്രീ.ടി.കെ.ശ്രീകുമാറിന് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം മുഖ്യ നഗരാസൂത്രകൻ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സീനിയർ സൂപ്രണ്ട് ശ്രീ.ടി.കെ.ശ്രീകുമാർ അധിക ചുമതല വഹിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിലിന്റെ (pre revised) മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.03.2019 മുതൽ പരമാവധി 3 മാസകാലളവിലേക്ക് കെ എസ് ആർ ഭാഗം I ചട്ടം 53 A II(c) ,53(c) എന്നിവ പ്രകാരം ചാർജ്ജ് അലവൻസ് അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
ഡെപ്യൂട്ടിസെക്രട്ടറി

<u>പകർപ്പ്:</u>
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ.ടി.കെ.ശ്രീകുമാർ ,സീനിയർ സൂപ്രണ്ട്(മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/104/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ